ബാങ്കിലെ ഭരണസമിതി അംഗങ്ങൾ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്കിലെ കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർ, സഹകരണ വകുപ്പിലെ യൂണിറ്റ് ഇൻസ്പെക്ടർ, സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറി എന്നിവർ അംഗങ്ങളായും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും ബ്ലോക്കുതല മോണിറ്ററിംഗ് കമ്മിറ്റിയും സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറും കൃഷി ഡയറക്ടർ, ആസൂത്രണ ബോർഡ് അഗ്രികൾച്ചറൽ വിഭാഗം മേധാവി, കർഷക സേവനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന പ്രാഥമിക അഗ്രികൾച്ചറൽ ക്രഡിറ്റ് സംഘങ്ങളുടെ പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളായി സംസ്ഥാനതല റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കർഷക സേവനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട ബാങ്കിംഗ് സംവിധാനം

11(*191) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ചെറുകിട ബാങ്കിംഗ് സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിസർവ് ബാങ്കിൽനിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ടോ ;

(സി) കാർഷിക വായ്പയുടെ യഥാസമയമുള്ള തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ 'ഗ്രഡ് പേ മാസ്റ്റർ', 'ആശ്വാസ് 2015' തുടങ്ങിയ പദ്ധതി നടപ്പിലാക്കി തുടങ്ങിയോയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബാങ്കിൽനിന്നും സബ്സിഡി നിരക്കിലുള്ള വായ്പകൾ നൽകാറുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; സബ്സിഡി നിരക്കിൽ കാർഷിക വായ്പ നൽകുന്നതിനായി ബാങ്കിന്റെ ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്താൻ തയ്യാറാകുമോ ; വ്യക്തമാക്കുമോ?

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ):

(എ) 13-11-2015-ൽ കൂടിയ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ വാർഷിക പൊതുയോഗത്തിൽ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ചെറുകിട ബാങ്കിംഗ് സംവിധാനം ആരംഭിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി റിസർവ് ബാങ്കിനോട് അപേക്ഷിക്കുന്നതിനുള്ള അനുവാദത്തിനായി സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് കാർഷിക വായ്പയുടെ യഥാസമയമുള്ള തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ "ഗ്രഡ് പേ മാസ്റ്റർ"പദ്ധതി 1-1-2015 മുതൽ 31-12-2015 വരെയും "ആശ്വാസ് 2015" പദ്ധതി 1-2-2015 മുതൽ 30-6-2015 വരെയും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) നബാർഡിൽനിന്നുള്ള ഫണ്ടിന്റെ ലഭ്യതയും പദ്ധതികളുടെ നിബന്ധനയും അനുസരിച്ച് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും സബ്സിഡി നിരക്കിലുള്ള വിവിധ വായ്പകൾ നൽകിവരുന്നു.

ഊർജ്ജോല്പാദന മേഖലയിലെ പുരോഗതി

12(*192) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജോല്പാദന മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിൽ എത്ര മാത്രം അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിയിലും ലക്ഷ്യമിട്ട ഉല്പാദനം സാധ്യമായില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. വിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly